പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 800 09/11/2016 -ൽ മറുപടിയ്ക്ക്

ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ സമർപ്പിക്കുന്ന കാണിക്ക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. രാജഗോപാലൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഐ.ബി. സതീഷ്<br>,, കെ.ഡി. പ്രസേനൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർ സമർപ്പിക്കുന്ന കാണിക്കയിൽ പണം ഒഴികെയുള്ള നേർച്ച ഉരുപ്പടികൾ സൂക്ഷിക്കുന്നതിന് അവലംബിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ; | എ) കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർ സമർപ്പിക്കുന്ന കാണിക്കയിൽ പണം ഒഴികെയുള്ള നേർച്ച ഉരുപ്പടികൾ സ്വർണ്ണം, വെള്ളി (വിദേശ നാണയങ്ങൾ) സൂക്ഷിക്കുന്നതിന് രസീത് പ്രകാരം വരവ് വച്ച് ബന്ധപ്പെട്ട ദേവസ്വം ഓഫീസർമാർ സൂക്ഷിക്കുകയും പിന്നീട് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സൂക്ഷിച്ചുവരുകയും ചെയ്യുന്നു. മലബാർ ദേവസ്വം ബോർഡിൽ സ്വർണ്ണം വെള്ളി മുതലായ വിലപിടിപ്പുള്ള വസ്തുക്കൾക്ക് രസീത് നൽകി ഇനം, തൂക്കം എന്നീ വിവരങ്ങൾ ഉൾപ്പെടെ പ്രത്യേക ഇൻവെന്ററി രജിസ്റ്ററിൽ ചേർക്കുകയും ചെയ്യുന്നു. ചെമ്പ്, ഓട്, പിച്ചള മുതലായ വസ്തുവകകൾക്കും ഭക്തർക്ക് രസീത് നൽകി പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിക്കുന്നു. സ്വർണ്ണം, വെള്ളി എന്നീ വിലപിടിപ്പുള്ള വസ്തുക്കൾ ബാങ്ക് ലോക്കറിലോ ക്ഷേത്രത്തിൽത്തന്നെയുള്ള ലോക്കറിലോ ആണ് സൂക്ഷിച്ചുവരുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാണിക്കയായി സമർപ്പിക്കുന്ന പണം ഒഴികെയുള്ള നേർച്ച ഉരുപ്പടികൾക്ക് വിലപിടിച്ച ഉരുപ്പടികളുടെ രസീത് (ഫോറം നം. 3 എ) നൽകുന്നതാണ്. സ്വർണ്ണം വകകൾക്ക് തൂക്കം മാറ്റി വിശദമായ ഉരുപ്പടി വിവരണം തുടങ്ങിയ വിവരങ്ങൾ കൃത്യമായി രസീതിൽ രേഖപ്പെടുത്തി സമർപ്പിക്കുന്ന ഭക്തനെക്കൂടി വിവരങ്ങൾ ബോധ്യപ്പെടുത്തിയാണ് രസീത് നൽകി വരുന്നത്. പ്രസ്തുത ഉരുപ്പടികൾ ബന്ധപ്പെട്ട സബ് ഗ്രൂപ്പ് ആഫീസറുടെ/അഡ്മിനിസ്ട്രേറ്റീവ് |

ആഫീസർമാരുടെ ഉത്തരവാദിത്വത്തിൽ ക്ഷേത്രങ്ങളിൽ സൂക്ഷിക്കുന്നു. കൂടൽമാണിക്യം ദേവസ്വം ക്ഷേത്രങ്ങളിൽ പണം ഒഴികെയുള്ള നേർച്ച ഉരുപ്പടികൾ ദേവസ്വം വക സ്ട്രോങ് മുറിയിൽ സൂക്ഷിക്കുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ വിലപിടിപ്പുള്ള ഉരുപ്പടികൾ തൂക്കം നോക്കി പ്രത്യേക നമ്പരിട്ട് ഡബിൾ ലോക്കർ രജിസ്റ്ററിൽ രേഖപ്പെടുത്തി ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ ഉടമസ്ഥതയിൽ ഡബിൾ ലോക്കറിൽ സൂക്ഷിച്ചുവരുന്നു.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഉരുപ്പടികൾ ക്ഷേത്രങ്ങളിൽ സൂക്ഷിക്കുന്നത് ആരുടെ ഉത്തരവാദിത്വത്തിലാണെന്ന് വ്യക്തമാക്കുമോ; | ബി) | കൊച്ചിൻ ദേവസ്വം ബോർഡിൽ പ്രസ്തുത ഉരുപ്പടികൾ സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്വം ദേവസ്വം ഓഫീസർമാർക്കും പിന്നീട് ദേവസ്വം ബോർഡ് ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് ആയതിന്റെ ഉത്തരവാദിത്വം ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ ഫിനാൻസ് എന്നിവരിൽ നിക്ഷിപ്തമാണ്. മലബാർ ദേവസ്വം ബോർഡിൽ അതാത് ക്ഷേത്രഭരണാധികാരികളുടെ ഉത്തരവാദിത്വത്തിലാണ് സൂക്ഷിച്ച് വരുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബന്ധപ്പെട്ട സബ് ഗ്രൂപ്പ് ഓഫീസർമാരുടെ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ ഉത്തരവാദിത്വത്തിലാണ്. കൂടൽമാണിക്യം ദേവസ്വത്തിൽ ക്ഷേത്രം മാനേജരുടെ ഉത്തരവാദിത്വത്തിലാണ് സൂക്ഷിക്കുന്നത്. ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ ഉടമസ്ഥതയിലും സൂക്ഷിപ്പിലുമാണ് പ്രസ്തുത ഉരുപ്പടികൾ സൂക്ഷിക്കുന്നത്. |
| സി) | പ്രസ്തുത ഉരുപ്പടികൾ ഉൾപ്പെടുത്തി അതത് ക്ഷേത്രങ്ങളിൽ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കാറുണ്ടോ; | സി) | ഉണ്ട്. |
| ഡി) | പ്രസ്തുത നേർച്ച ഉരുപ്പടികൾ പല ക്ഷേത്രങ്ങളിൽ നിന്നും അന്യാധീനപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഡി) | ക്ഷേത്രങ്ങളിലെ മോഷണം മൂലം നഷ്ടപ്പെടുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിന് നിയമാനുസൃത നടപടികൾ സമയാസമയങ്ങളിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ